# പെരുന്നാൾ

അബ്ദുല്ല പേരാമ്പ്ര



വ്രതമെടുത്ത് ശുദ്ധീകരിക്കപ്പെട്ട
മനസ്സിന്റെ ആകാശത്ത്
തക്ബീർ മുഴക്കി പറക്കുന്നു
വിശുദ്ധിയുടെ പറവകൾ.
നിസ്കാരത്തഴമ്പുള്ള പടപ്പുകളെ
അത്തർ പൂശി ആലിംഗനം ചെയ്യുന്നുണ്ട്
മലയിറങ്ങി വന്ന പെരുന്നാൾ കാറ്റ്.
ചരാചരങ്ങളൊക്കെയും
ചുംബിച്ചു നിവർത്തിയ മുസല്ലയിൽ
സുജൂദിനായി തിടുക്കം കൂട്ടും നാളിത്.
കൈയിലെ തസ്ബീഹ് മാലയിൽ
ദിക്റുകൾ ചൊല്ലി കോരിത്തരിക്കുന്നു
കടലിന്നാഴങ്ങളിൽ മീനുകൾ.
പെരുന്നാൾ,
പല പൂക്കൾ വിരിയും ഒരു പൂന്തോപ്പ്.
ഒരു പൈതലിൻ നിർമല ഹൃത്തിടം.
പാരിൽ,
ഒലീവില കൊത്തിപ്പറക്കും
വെള്ളപ്പിറാവുകളുടെ ആകാശം
അല്ലാഹുവിന്റെ അപദാനങ്ങൾ വാഴ്ത്തി
പാപങ്ങൾ കണ്ണീരിനാൽ കഴുകി
ഓരോ വിശ്വാസിയും തലകുനിക്കുന്നു
ഇലാഹേ,
നിന്റെ മഹത്വമിതാ
ഞങ്ങളേറ്റുചൊല്ലുന്നു.
മറ്റൊരു പെരുന്നാൾ സുദിനത്തിലേക്ക്
ഞങ്ങളെ നീ
കാത്തുകൊള്ളണേയെന്ന്
ഓരോ നിശ്വാസത്തിലും
പ്രാർഥിച്ചുകൊണ്ടിരിക്കുന്നു